**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2419 | 18.07.2011 -ൽ മറുപടിയ്ക്ക് |

**ഖാദി ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>" റ്റി.വി. രാജേഷ്<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ബി. സത്യൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(ബഹു. സഹകരണ വകുപ്പ് മന്ത്രി) |
| (എ) ഖാദി ഗ്രാമവ്യവസായങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിന് ഉദ്ദേശമുണ്ടോ; | (എ) ഉദ്ദേശമുണ്ട്. |
| (ബി) എങ്കിൽ ഈ ആവശ്യത്തിലേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ; | (ബി) ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 2011-12 വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫ്ലാഗ്ഷിപ്പ് പരിപാടിയിൻ കീഴിൽ പ്രത്യേക തൊഴിൽ ദാന പദ്ധതിയ്ക്കായി 2011-12 വർഷത്തേയ്ക്ക് 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് വേണ്ടി 2011-12 വർഷത്തേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകുന്നതാണ്. തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നതാണ്. ഈ മേഖലയിൽ ആവശ്യമായ മറ്റ് തുടർ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. |

.....2

| | | | |
|---|---|---|---|
| | | | പ്രവർത്തനരഹിതമായി കിടക്കുന്ന ഖാദി സഹകരണ സംഘങ്ങൾക്കും ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപന ങ്ങൾക്കും പുനരുദ്ധാരണ ഗ്രാന്റായി 2011-12 വർഷത്തേയ്ക്ക് 25 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഖാദി ഗ്രാമ വ്യവസായ ബോർഡിന് പുതുതായി എന്തെങ്കിലും സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ